# കേരള സംഗീത നാടക അക്കാദമി തൃശ്ശൂർ - 20

## പ്രൊഫഷണൽ നാടകസംഘങ്ങൾക്ക് 2 കോടി ധനസഹായത്തിനുള്ള നിയമാവലി

1. ധനസഹായത്തിനുള്ള അപേക്ഷ അക്കാദമിയുടെ നിശ്ചിത ഫോറത്തിൽ നാടകം അവതരിപ്പിക്കുന്ന സംഘത്തിന്റെ സെക്രട്ടറിയുടെ/ മറ്റു ഉത്തരവാദപ്പെട്ട അധികാരികളുടെ ഒപ്പോടുകൂടി നിശ്ചിത തീയതിക്കകം ലഭിച്ചിരിക്കണം.

2. നാടകസ്ക്രിപ്റ്റിന്റെ ഡി.ടി.പി ചെയ്ത് പൂർണ്ണമായ അഞ്ചു കോപ്പികൾ അയക്കണം. നാടകത്തിന്റെ സ്ക്രിപ്റ്റ് കോപ്പിയിൽ അവതരിപ്പിക്കുന്നസംഘത്തിന്റേയോ നാടകൃത്തിന്റേയോ പേരും വിലാസവും ഉണ്ടായിരിക്കരുത്.

.

3. അവതരണാനുമതി ലഭിക്കുന്ന നാടകസംഘങ്ങൾ അക്കാദമി നിർദ്ദേശിക്കുന്ന സ്ഥലത്തും സമയത്തും നാടകം അവതരിപ്പിക്കാൻ ബാദ്ധ്യസ്ഥരാണ്. തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ഇക്കാര്യം ഉറപ്പു നൽകുന്ന ഒരു കരാർ 200 രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിട്ട് നല്കേണ്ടതാണ്.

4. അക്കാദമി നിർവ്വാഹകസമിതി നിശ്ചയിക്കുന്ന വിദഗ്ദ്ധരടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയായിരിക്കും നാടകങ്ങൾ തെരഞ്ഞെടുക്കുന്നത്. ഇവരുടെ തീരുമാനം അന്തിമമായിരിക്കും.

5. ധനസഹായത്തിന് സമർപ്പിക്കപ്പെടുന്ന നാടകങ്ങൾ താഴെപ്പറയുന്ന ചട്ടങ്ങൾക്കു വിധേയമായിരിക്കണം.

എ) അവതരിപ്പിക്കാനുദ്ദേശിക്കുന്ന നാടകത്തിന്റെ അഞ്ചു കോപ്പികൾ അയക്കേണ്ടത് നാടകം അവതരിപ്പിക്കുന്ന സംഘം മുഖേനയായിരിക്കണം.

ബി) നാടകത്തിന്റെ അവതരണ ദൈർഘ്യം ഒന്നരമണിക്കൂറിനും രണ്ടരമണിക്കൂറിനും ഇടയിലായിരിക്കണം.

സി) ഇതിനുമുൻപ് അവതരിപ്പിച്ച നാടകങ്ങൾ പരിഗണിക്കുന്നതല്ല.

ഡി) സ്വതന്ത്രമായ നാടക രചനയല്ലാതെ, മറ്റേതെങ്കിലും കൃതിയുടെയോ, ആവിഷ്കാരങ്ങളുടെയോ, അഡാപ്റ്റേഷനുകളിലൂടെയോ തയ്യാറാക്കിയതാണെങ്കിൽ മൂല കൃതിയുടെ രചയിതാവിന്റെ/അവകാശിയുടെ സമ്മതപത്രം ഹാജരാക്കേണ്ടതാണ്. ആയതിന് എന്തെങ്കിലും സാങ്കേതികതടസ്സം, നേരിട്ടാൽ പകർപ്പാവകാശം

......2

സംബന്ധിച്ച് നിയമപരമായി ഉണ്ടാകുന്ന പ്രശ്നങ്ങളുടെ പരിപൂർണ്ണ ഉത്തരവാദിത്വം നാടക സംഘം ഏറ്റെടുക്കുന്നതാണെന്ന് കാണിച്ചുകൊണ്ടുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഹാജരാക്കേണ്ടതാണ്.

ഇ) നാടകസമിതികളുടെ മുൻവർഷങ്ങളിലെ പ്രവർത്തന രേഖ അപേക്ഷയോടൊപ്പം ഹാജരാക്കണം. ഒരു സമിതിയുടെ ഒന്നിൽ കൂടുതൽ നാടകങ്ങൾ തെരഞ്ഞെടുക്കുന്നതല്ല.

എഫ്) തെരഞ്ഞെടുക്കപ്പെടുന്ന നാടകസംഘത്തിലെ അഭിനേതാക്കൾ ഈ പദ്ധതിയിൽ ഉൾപ്പെട്ട മറ്റ് സംഘങ്ങളിൽ അഭിനയിക്കാൻ പാടില്ല.

7. നാടകം നിർമ്മിക്കുന്നതിന് മുൻകൂറായി 1 ലക്ഷം രൂപയും നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് 2 ലക്ഷം രൂപയും 2 അവതരണങ്ങൾക്ക് 1 ലക്ഷം രൂപയും ഉൾപ്പെടെ 4 ലക്ഷം രൂപയാണ് ഒരു സംഘത്തിന് അക്കാദമി അനുവദിക്കുക. സംഘത്തിന് വരുന്ന മറ്റുയാതൊരു ചെലവുകളും അക്കാദമി വഹിക്കുന്നതല്ല.

8. ഈ നിയമാവലിയിലെ ഏതെങ്കിലും വകുപ്പിനെ സംബന്ധിച്ച് തർക്കം ഉത്ഭവിക്കുന്നപക്ഷം അവസാന വിധി പറയാനുള്ള അധികാരം കേരള സംഗീത നാടക അക്കാദമി നിർവ്വാഹക സമിതിക്കായിരിക്കും. നിർവ്വാഹകസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

9. നാടകാവതരണത്തെ സംബന്ധിച്ച് വല്ല വ്യവഹാരവും ഉത്ഭവിക്കുകയാണെങ്കിൽ ആയതിന്റെ നിയമപരമായ അധികാരപരിധി തൃശൂർ കോർപ്പറേഷനായിരിക്കും.

10 നാടകകൃത്ത്, സംവിധായകൻ എന്നിവരുടെ ബയോഡാറ്റ ഹാജരാക്കണം.

11 നാടകകൃത്തിന്റെ/ അവകാശിയുടെ സമ്മതപത്രം ഹാജരാക്കണം.

12 നാടകസംഘങ്ങൾ/ നാടകസമിതികൾ അക്കാദമിയിൽ രജിസ്റ്റർ ചെയ്ത പ്രൊഫഷണൽ നാടക സമിതികളായിരിക്കണം എന്ന് നിർബന്ധമില്ല. എന്നാൽ രജിസ്റ്റർ ചെയ്ത സമിതികൾക്കായിരിക്കും ആദ്യപരിഗണന.

13 നാടകത്തിന്റെ പൂർണ്ണമായ സ്ക്രിപ്റ്റിനോടൊപ്പം സംവിധായകക്കുറിപ്പ് കൂടി സമർപ്പിക്കേണ്ടതാണ്.

14. ആവശ്യമെങ്കിൽ അക്കാദമി നിയോഗിക്കുന്ന വിദഗ്ദ്ധസമിതി/പ്രതിനിധി ഫൈനൽ റിഹേഴ്സൽ കണ്ട് വിലയിരുത്തി അവതരണയോഗ്യമാണോ എന്ന് തീരുമാനിക്കും.

15. സ്ക്രിപ്റ്റ് അവതരണത്തിനായി തെരഞ്ഞെടുക്കുകയാണെങ്കിൽ നാടകം നിർമ്മിക്കുന്നതിനുള്ള ചെലവുകൾക്ക് 1 ലക്ഷം രൂപ മുൻകൂറായി അനുവദിക്കുന്നതായിരിക്കും. ശേഷിക്കുന്ന തുക ആവശ്യമെങ്കിൽ ഫൈനൽ റിഹേഴ്സൽ കണ്ട് വിലയിരുത്തിയതിന്ശേഷം മാത്രം അനുവദിക്കുന്നതായിരിക്കും.

-----3

16 തെരഞ്ഞെടുക്കപ്പെടുന്ന നാടകസംഘങ്ങൾ കലാസമിതിയുടെയും, അഭിനേതാക്കളുടെയും സാങ്കേതികപ്രവർത്തകരുടെയും പിന്നണിപ്രവർത്തകരുടെയും വിശദാംശങ്ങൾ നല്കണം.

17. ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെടുന്ന 50 നാടകങ്ങളുടെ 100 അവതരണങ്ങൾ നാടകോത്സവങ്ങളായി തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ സംഘടിപ്പിക്കും.

18 അവതരണത്തിന് തെരഞ്ഞെടുക്കുന്ന നാടകങ്ങളുടെ രണ്ട് അവതരണങ്ങൾ അക്കാദമി നിർദ്ദേശിക്കുന്ന സ്ഥലത്തും തീയതികളിലും നിശ്ചിത കേന്ദ്രങ്ങളിലും നടത്തേണ്ടതാണ്. ഇങ്ങിനെയുള്ള രണ്ട് അവതരണങ്ങളും ഈ ധനസഹായ പദ്ധതിയുടെ അകത്തുനിന്ന് അവതരിപ്പിക്കേണ്ടതാണ്.

19 പ്രൊഫഷണൽ നാടകരംഗത്തെ വിദഗ്ധരുൾപ്പെടുന്ന 5 പേരടങ്ങുന്ന സെലക്ഷൻ കമ്മിറ്റി ആണ് നാടകങ്ങൾ തെരഞ്ഞെടുക്കുന്നത്. അക്കാദമി സെക്രട്ടറി ജൂറിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കും.

20 സംഘം സമർപ്പിക്കുന്ന സ്ക്രിപ്റ്റോ അനുബന്ധരേഖകളോ തിരിച്ചു നൽകുന്നതല്ല.

21 പ്രതിലോമകരമായ ആശയങ്ങൾ പ്രചരിപ്പിക്കുന്ന നാടകങ്ങൾ പരിഗണിക്കുന്നതല്ല.

സെക്രട്ടറി.

സി.പി.എസ്.